**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 300** **10-06-2024 - ൽ മറുപടിയ്ക്ക്**

**തീരദേശത്ത് സൗജന്യ റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | 2024 ജൂൺ മാസം 9-ാം തീയതി മുതൽ ആരംഭിക്കുന്ന ട്രോളിംഗ് നിരോധനം തീരദേശത്തെ വറുതിയിലാക്കുന്നത് തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രതിവിധിയെന്ന നിലയ്ക്ക് സൗജന്യ റേഷൻ നല്കുന്നത് പരിഗണനയിലുണ്ടോ? | (എ) | ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യതൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. ഈ വർഷവും സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കേരളത്തിലെ ഒൻപത് (9) തീരദേശ ജില്ലകളിലെയും സൗജന്യറേഷൻ അർഹതയുള്ള വരുടെ പട്ടിക തയ്യാറാക്കി വരുന്നു. കൂടാതെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യ തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4,500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1,500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1,500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും (ഫിഷറീസ് വകുപ്പ്), 1,500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. |

സെക്ഷൻ ഓഫീസർ